ഡി 1-1063/2017

കണയന്നൂർ താലൂക്ക് ചേരാനെല്ലൂർ വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽപ്പെട്ട 42.92 ആർ സ്ഥലം വടുതല റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായി RFCTLARR ACT 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടിയുടെ ഭാഗമായുള്ള സാമൂഹ്യപ്രത്യാഘാത പഠനം നടത്തി യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ, സോഷ്യൽ സർവ്വീസ് സെൻറർ, എം.എ.കോളേജ് പി.ഒ.കോതമംഗലം സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി സെക്ഷൻ 7(5) പ്രകാരം വിദഗ്ദ്ധസമിതി തയ്യാറാക്കി സമർപ്പിക്കുന്ന അവലോകന റിപ്പോർട്ട്.

---------------------------

വടുതല റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി മാനേജിംഗ് ഡയറക്ടർ, റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ അർത്ഥനാപത്രം സമർപ്പിച്ചിട്ടുള്ളതും ആയതു പ്രകാരം എറണാകുളം സ്പെഷ്യൽ തഹസിൽദാർ ( എൽ.എ.) ജനറലിനെ ലാൻറ് അക്വിസിഷൻ ഓഫീസറായി ജില്ലാകളക്ടർ നിയമിച്ചിട്ടുള്ളതാണ്. RFCTLARR ACT 2013 പ്രകാരമുള്ള സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനായി യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ സോഷ്യൽ സർവ്വീസ് സെൻറർ, എം.എ.കോളേജ് പി.ഒ.കോതമംഗലത്തിനെ നിയോഗിച്ചിട്ടുള്ളതാണ്.

RFCTLARR ചട്ടം 11(3) പ്രകാരമുള്ള ഫോറം നമ്പർ 4 വിജ്ഞാപനം ജില്ലാകളക്ടർ അംഗീകരിച്ചിട്ടുള്ളതും ആയത് നിയമാനുസൃതം 6/10/2018 ലെ 2509 നമ്പർ അസാധാരണ ഗസറ്റിലും കൊച്ചി കോർപ്പറേഷൻ, എറണാകുളം ജില്ലാ കളക്ടറേറ്റ്, ഫോർട്ട്കൊച്ചി ആർ.ഡി.ഒ. ഓഫീസ്, കണയന്നൂർ താലൂക്ക് ഓഫീസ്, ബാധിക്കപ്പെട്ട പ്രദേശം എന്നിവിടങ്ങളിലും ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

നിയമാനുസൃത നടപടികൾ പൂർത്തിയാക്കി സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന അന്തിമ റിപ്പോർട്ട് YSSO സമർപ്പിച്ചിട്ടുള്ളതാണ്.

പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം ടി പദ്ധതി നിലവിൽ വരുന്നതുകൊണ്ട് വീടും കച്ചവടസ്ഥാപനങ്ങളും നഷ്ടപ്പെടുന്നവരേയും പുനരധിവസിപ്പിക്കേണ്ടി വരുന്നുണ്ടെങ്കിലും പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതുവഴി റെയിൽവേ ലെവൽക്രോസ് ഒഴിവാക്കുന്നതിലൂടെ റോഡ് ഗതാഗതത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കണ്ടെത്തിയിരിക്കുന്ന ബദൽ മാർഗ്ഗമാണ് വടുതല റെയിൽവേ മേൽപ്പാലം പദ്ധതി എന്നും മറ്റൊരു മാർഗ്ഗം ഇല്ലാത്തതിനാൽ പൊതുജനതാൽപ്പര്യം മുൻനിറുത്തി ഒഴിവാക്കാനാവാത്ത ആവശ്യമായി കണക്കാക്കി പദ്ധതി നടപ്പിലാക്കേണ്ടതാണെന്നും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് നിർദ്ദേശിക്കുന്നു.

സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി വിദഗ്ദ്ധസമിതി രൂപികരിച്ച് ജില്ലാകളക്ടർ ഉത്തരവായിട്ടുള്ളതാണ്.

ഇതു സംബന്ധിച്ച് 10/1/2019-ാം തീയതി ഉച്ചകഴിഞ്ഞ് 4 മണിയ്ക്ക് ഡെപ്യൂട്ടി കളക്ടർ (എൽ.എ)യുടെ ചേമ്പറിൽ ചേർന്ന വിദഗ്ദ്ധസമിതി യോഗം സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. നിലവിലുള്ള റെയിൽവേ ലെവൽ ക്രോസ് ഒഴിവാക്കുന്നതിലൂടെ റോഡ് ഗതാഗതത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കണ്ടെത്തിയിരിക്കുന്ന ബദൽ മാർഗ്ഗമാണ് വടുതല റെയിൽവേ മേൽപ്പാലം പദ്ധതി എന്നും മറ്റൊരു മാർഗ്ഗം ഇല്ലാത്തതിനാൽ പൊതുജനതാൽപ്പര്യം മുൻനിറുത്തി ഒഴിവാക്കാനാവാത്ത പൊതു ആവശ്യമായി കണക്കാക്കി പൊന്നുംവില നടപടികൾ തുടരാവുന്നതാണെന്നും ടി പദ്ധതി ഒഴിവാക്കാനാവാത്ത ഏറ്റെടുക്കലായി പരിഗണിക്കാവുന്നതായും യോഗം തീരുമാനിച്ചു. കൂടാതെ നിർദ്ദിഷ്ട വടുതല റെയിൽവേ മേൽപ്പാലത്തിന് കിഴക്ക് വശത്ത് ഇരുവശങ്ങളിലായി സർവ്വീസ് റോഡ് നൽകുന്നതിനായും പാലത്തിന് Under passage നിർമ്മിയ്ക്കുന്നതിനുള്ള Technical feasibility അർത്ഥനാധികാരിയായ RBDCK യോട് നടപ്പിലാക്കുന്നതിന് ആവശ്യപ്പെടാവുന്നതായി യോഗം തീരുമാനിച്ചു.

വിശദമായി ചർച്ചകൾക്കുശേഷം മേൽ വസ്തുതകൾ പരിഗണിച്ച് പൊതു താൽപര്യത്തെ മുൻനിറുത്തി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് ശുപാർശ ചെയ്യാവുന്നതാണെന്ന് യോഗം ഐക്യകണ്ഠ്യേന തീരുമാനിക്കുകയും ഈ തീരുമാനം യോഗത്തിൽ പങ്കെടുക്കുന്ന എല്ലാ വിദഗ്ദ്ധസമിതി അംഗങ്ങളും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

മേൽപറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ RFCTLARR ACT 2013 സെക്ഷൻ 8 പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഈ റിപ്പോർട്ട് ശുപാർശ ബഹു. എറണാകുളം ജില്ലാകളക്ടർ മുമ്പാകെ സമർപ്പിയ്ക്കുന്നു.

24/1/19

വിദഗ്ദ്ധസമിതി ചെയർമാൻ

&

സ്പെഷ്യൽ തഹസിൽദാർ (എൽ.എ)ജനറൽ.

എറണാകുളം.